# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
## *രാഷ്ട്രീയ–അടവ് നയത്തെക്കുറിച്ചുള്ള കരട് അവലോകന റിപ്പോർട്ട്*

***(2015 ജനുവരി 19–21 തീയതികളിൽ ഹൈദ്രാബാദിൽ ചേർന്ന കേന്ദ്രകമ്മിറ്റി യോഗം അംഗീകരിച്ചത്)***

1. കേന്ദ്രകമ്മിറ്റി 2014 ജൂണിൽ അംഗീകരിച്ച ''ലോക്സഭാ തെരഞ്ഞെടുപ്പു അവലോകന''ത്തിൽ താഴെ പറയുന്ന നാലു നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. (1) നാം പിന്തുടർന്നുവരുന്ന രാഷ്ട്രീയ അടവ് നയത്തിന്റെ പുനഃപരിശോധന. (2) പാർടി സംഘടനയുടെ പ്രവർത്തനത്തിന്റെയും ജനങ്ങളുടെ ഇടയിലുള്ള പ്രവർത്തനത്തിന്റെ ദിശാബോധത്തിന്റെയും അവലോകനം. (3) ബഹുജന സംഘടനകളുടെയും അവയുടെ പ്രവർത്തനത്തിന്റെയും അവലോകനം: അത് സ്വതന്ത്ര പ്രവർത്തനം ഉറപ്പാക്കുന്നുണ്ടോ എന്നും രാഷ്ട്രീയ പ്രവർത്തനവും പാർടി കെട്ടിപ്പടുക്കലും ഏറ്റെടുക്കുന്നുണ്ടോ എന്നുമുള്ള പരിശോധന. (4) ഉദാരവൽക്കരണം നടപ്പാക്കാൻ തുടങ്ങിയതു മുതൽ സാമൂഹിക–സാമ്പത്തിക സ്ഥിതിഗതികളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളുടെയും, വിവിധ വർഗങ്ങളുടെ മേൽ അവ ഏൽപ്പിച്ച ആഘാതങ്ങളുടെ പഠനങ്ങളും അവയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്താവുന്ന മുദ്രാവാക്യങ്ങളും. ഈ നാലു ചുവടുകളും പരസ്പരം ബന്ധപ്പെട്ടതാണ്. അവ ഏറ്റെടുത്ത് നടപ്പാക്കാൻ കൈക്കൊള്ളുന്ന നടപടികൾ നമ്മെ രാഷ്ട്രീയവും സംഘടനാപരവും ആയ പോരായ്മകൾ പരിഹരിക്കാനും പാർടിയെ മുന്നോട്ടു നയിക്കാനും സഹായിക്കും.

2. കേന്ദ്ര കമ്മിറ്റി ഈ നാലു നടപടികളിൽ ആദ്യത്തേതായ രാഷ്ട്രീയ–അടവ് നയത്തിന്റെ പുനരവലോകനം ഏറ്റെടുക്കുന്നു. കേന്ദ്രകമ്മിറ്റി സ്വീകരിച്ച തെരഞ്ഞെടുപ്പു അവലോകന രേഖ ഇങ്ങനെ പറയുന്നു.

   *''തുടർച്ചയായുള്ള പാർടി കോൺഗ്രസ്സുകളിൽ പാർടിയുടെ സ്വതന്ത്ര ശക്തി വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകത നാം ഊന്നിപ്പറഞ്ഞുകൊണ്ടിരുന്നു. ബൂർഷ്വ പാർടികളുമായി കൂട്ടുകൂടുന്ന അടവാണ് നമ്മുടെ സ്വതന്ത്ര ശക്തിയുടെ ചോർച്ചയ്ക്ക് നിദാനമെന്ന് ചില സംസ്ഥാനങ്ങൾ സൂചിപ്പിച്ചു. പാർടിയുടെ സ്വതന്ത്ര ശക്തി പരിപോഷിപ്പിക്കുന്നതിൽ ഉണ്ടായ പരാജയം നാം പിന്തുടർന്നുവരുന്ന രാഷ്ട്രീയ–അടവ് നയത്തിന്റെ പുനരവലോകം ആവശ്യമാക്കിത്തീർക്കുന്നു.''*

3. രാഷ്ട്രീയ–അടവു നയത്തിന്റെ ഈ വിമർശനാത്മക പരിശോധന നാം ഏറ്റെടുക്കുന്നത് 21–ാം പാർടി കോൺഗ്രസിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായാണ്. ഇന്നത്തെ നിലയിൽ ഫലപ്രദമായ രാഷ്ട്രീയ–അടവ് നയം കോൺഗ്രസ്സിൽ ആവിഷ്കരിക്കാൻ ഈ അഭ്യാസം നമ്മെ സഹായിക്കേണ്ടതാണ്. കഴിഞ്ഞ 25 വർഷമാണ് രാഷ്ട്രീയ–അടവ് നയം സംബന്ധിച്ച് നാം പരിശോധന നടത്തേണ്ട കാലയളവ്. സോവിയറ്റ് യൂണിയൻ തകരുകയും തൽഫലമായി അന്തർദേശീയ തലത്തിൽ വർഗ ശക്തികളുടെ പരസ്പര ബന്ധത്തിൽ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു; നവലിബറൽ ദശ അനാവൃതമാവുകയും സാമ്രാജ്യത്വ ധനമൂലധനം നയിച്ച ആഗോളവത്കരണം നമ്മുടെ സമൂഹത്തിൽ പ്രത്യക്ഷത്തിലുള്ള ആഘാതം ഏൽപ്പിക്കുകയും ചെയ്തു. ഹിന്ദുത്വ വർഗീയ ശക്തികൾ രാഷ്ട്രീയ ശക്തിയായി ശക്തി വർദ്ധിപ്പിക്കുകയും ജാതി അടിസ്ഥാനത്തിലുള്ള സ്വത്വരാഷ്ട്രീയം പ്രകടമാവുകയും ചെയ്തു. 13–ാം കോൺഗ്രസ് മുതൽ ആരംഭിച്ച കാലയളവ് ആണ് ഇത്.

4. നമ്മുടെ തന്ത്രപരമായ ലക്ഷ്യമായ ജനകീയ ജനാധിപത്യ വിപ്ലവത്തിലേക്ക് മുന്നേറാൻ കാലാകാലങ്ങളിൽ നിയതമായ ഓരോ സന്ദർഭത്തിലും നാം സ്വീകരിച്ചിട്ടുള്ള അടവാണ് രാഷ്ട്രീയ–അടവ് നയം. ബൂർഷ്വാ–ഭൂപ്രഭു വ്യവസ്ഥയ്ക്ക് ബദൽ ആയി ഇടതു ജനാധിപത്യ മുന്നണി ഊട്ടിയുണ്ടാക്കുക എന്നതാണ് രാഷ്ട്രീയ–അടവ് നയത്തിന്റെ അടവു ലക്ഷ്യമായി നാം നിശ്ചയിച്ചിട്ടുള്ളത്. വർഗശക്തികളുടെ പരസ്പര ബന്ധത്തിൽ മാറ്റം വരുത്തുവാനുള്ള നമ്മുടെ യത്നത്തിന്റെ ഭാഗമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഊട്ടിയുണ്ടാക്കാനുള്ള സമരം. എങ്കിൽ മാത്രമേ നമുക്ക് നമ്മുടെ തന്ത്രപരമായ ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ സാധിക്കൂ.

5. 13–ാം കോൺഗ്രസ് മുതൽ തുടർച്ചയായി അംഗീകരിച്ച രാഷ്ട്രീയ–അടവ് നയങ്ങൾ നിലനിൽക്കുന്ന സാഹചര്യങ്ങളെ നേരിടുന്നതിനുള്ള അടവുകളും ഉപായങ്ങളും രൂപപ്പെടുത്തുന്നതിനും അടിയന്തര ഭീഷണിയെ നേരിടുന്നതിനും പാർടിയെ സഹായിച്ചു. നമ്മുടെ പരിമിത ശക്തിയെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് കോൺഗ്രസ് ഗവൺമെന്റുകളുടെ ജനവിരുദ്ധ നടപടികൾക്കെതിരെ പോരാടുവാനും, രാജീവ് ഗാന്ധി ഗവൺമെന്റിനെയും പിന്നീട് നരസിംഹറാവു ഗവൺന്റെിനെയും പരാജയപ്പെടുത്താനുള്ള തന്ത്രങ്ങൾ മെനയുവാനും രാഷ്ട്രീയ–അടവ് നയം നമ്മെ പ്രാപ്തരാക്കി. വർഗീയ വിപത്തിനോട് പോരാടാനും കോൺഗ്രസ് ഇതര മതനിരപേക്ഷ കക്ഷികളെ അണിനിരത്തി ബി.ജെ.പി 1996–ൽ അധികാരത്തിലെത്തുന്നത് തടയുവാനും ഇത് പാർടിക്ക് വഴിതെളിച്ചു. പിന്നീട്, 2004–ൽ ബി.ജെ.പി–എൻ.ഡി.എ ഗവൺമെന്റിനെ പരാജയപ്പെടുത്തുന്നതിന് അത് കൃത്യമായ ദിശാബോധം നൽകി. ഒന്നാം യു.പി.എ ഗവൺമെന്റിന്റെ കാലത്ത് നമ്മുടെ അടവുപരമായ സമീപനം തൊഴിലുറപ്പുപദ്ധതി (എൻ.ആർ.ഇ.ജി.എ), വനാവകാശ നിയമം തുടങ്ങിയ ചില ജനോപകാരപ്രദമായ നടപടികൾ നടപ്പാക്കിക്കിട്ടുന്നതിന് സഹായകരമായി. തുടർച്ചയായുള്ള അടവ് നയങ്ങൾ വേറിട്ടുപോകൽ വാദം, വിഭാഗീയത, പ്രാദേശിക സങ്കുചിതവാദം, സാമ്രാജ്യത്വ നുഴഞ്ഞുകയറ്റം എന്നിവയോട് പോരാടുന്നതിനുള്ള മാർഗനിർദേശം നല്കി. സ്ത്രീകളും ദളിതരും ആദിവാസികളും നേരിടുന്ന

പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും സാമൂഹികമായ അടിച്ചമർത്തലുകൾക്കെതിരെ പോരാടുവാനും ഈ അടവുനയം സഹായകമായി. ഫെഡറൽ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും കേന്ദ്ര–സംസ്ഥാന ബന്ധങ്ങളിൽ മാറ്റം വരുത്തുവാനും ഉള്ള ചാഞ്ചാട്ടമില്ലാത്ത ശക്തിയായി പാർടി നിലകൊണ്ടു.

6. അടവുനയം നവലിബറൽ നയങ്ങളോട് ഏകോപിച്ച ചെറുത്തുനിൽപ്പ് കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്തു. 1991–നുശേഷം നടത്തപ്പെട്ട 15 പൊതുപണിമുടക്ക് കൈവരിക്കപ്പെട്ട ട്രേഡ് യൂണിയൻ ഐക്യത്തിന്റെ ഉത്പന്നമായിരുന്നു. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളിൽ ഇടതുപക്ഷ ഐക്യവും നാലു ഇടതുപക്ഷ പാർടികളുടെ ഏകോപനവും പുരോഗമിക്കുകയും ശക്തി പ്രാപിക്കുകയും ചെയ്തു. പ്രധാനമായി ഈ കാലയളവിൽ വളർത്തിയെടുത്ത അടവുനയം കേരളത്തിലും ത്രിപുരയിലും ഇടതു നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ സ്ഥാപിക്കാനും പശ്ചിമബംഗാളിൽ ഇടതുഭരണം അരക്കിട്ടുറപ്പിക്കാനും സഹായിച്ചു. രാജ്യത്തെ ഏറ്റവും വലിയ ഇടതു ശക്തിയായി ദേശീയ രാഷ്ട്രീയത്തിൽ സി.പി.ഐ (എം) ന് വർദ്ധിച്ച തോതിൽ ഇടപെടൽ നടത്താൻ ഈ രണ്ടരപതിറ്റാണ്ടിൽ വളർത്തിയെടുക്കുകയും നടപ്പിലാക്കുകയും ചെയ്ത രാഷ്ട്രീയ–അടവ് നയങ്ങൾ ഇടയാക്കി.

7. എന്നാൽ രാഷ്ട്രീയ–അടവ് നയം എത്രമാത്രം പാർടിയുടെ സ്വതന്ത്രമായ വളർച്ചയെ സഹായിക്കുകയും വിപുലമായ പോരാട്ടത്തിനും ഇടതു ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുന്നതിനുമുള്ള സമരത്തെ മുന്നോട്ടുകൊണ്ടുപോവുകയും ചെയ്തു എന്ന് വിമർശനാത്മകമായി പരിശോധിക്കേണ്ടതുണ്ട്. പാർടിയുടെ സ്വതന്ത്ര വളർച്ചയിലെ പോരായ്മയ്ക്കും ഇടതു ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുന്നതിൽ പുരോഗതി നേടുന്നതിലെ നമ്മുടെ കഴിവുകേടിനും ഇടയാക്കിയ ഏതെങ്കിലും തെറ്റോ വീഴ്ചയോ ഉണ്ടായിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് ഈ രണ്ടര പതിറ്റാണ്ട് കാലത്തെ രാഷ്ട്രീയ–അടവ് നയത്തിന്റെ പരിണാമം നാം പരിശോധിക്കേണ്ടതുണ്ട്.

## ഇടതുജനാധിപത്യ മുന്നണി എന്ന സങ്കൽപ്പനം

8. പത്താം കോൺഗ്രസ്സിലായിരുന്നു ഇടതുപക്ഷ–ജനാധിപത്യമുന്നണി എന്ന സങ്കൽപ്പനം ആദ്യമായി വ്യക്തമായി അവതരിപ്പിക്കപ്പെട്ടത്. അതിനു മുമ്പ് ഏഴു മുതൽ ഒൻപത് വരെ ഉള്ള കോൺഗ്രസ്സുകളിൽ കോൺഗ്രസ് ഗവൺമെന്റിന് ഒരു ജനാധിപത്യ ബദലിനുവേണ്ടി ആയിരുന്നു നമ്മൾ ആഹ്വാനം ചെയ്തിരുന്നത്. പത്താം കോൺഗ്രസിലെ രാഷ്ട്രീയ പ്രമേയം ഇടതുപക്ഷ–ജനാധിപത്യ മുന്നണിയെ താഴെ പറയും പോലെ വിശദീകരിച്ചു.

*''ഈ മുന്നണി കെട്ടിപ്പടുക്കുവാൻ നാം നടത്തുന്ന സമരം വർഗശക്തികളുടെ പരസ്പര ബന്ധത്തിൽ മാറ്റം വരുത്താനുള്ള യത്നത്തിന്റെ ഭാഗമാണ്; രണ്ട് ബൂർഷ്വാ–ഭൂപ്രഭു പാർടികളിൽ ഒന്നിനെ തെരഞ്ഞെടുക്കാൻ മാത്രം ജനങ്ങൾക്ക് കഴിയുന്ന സ്ഥിതിയും ഇന്നത്തെ വ്യവസ്ഥയുടെ ചട്ടക്കൂട്ടിനുള്ളിൽ കുരുക്കുന്നതും അവസാനിപ്പിക്കാനുള്ള നമ്മുടെ ഉദ്യമത്തിന്റെ ഭാഗമാണ്. എല്ലാ ഇടതുപക്ഷ–ജനാധിപത്യ ശക്തികളെയും കൂടുതൽ മുന്നേറ്റത്തിനായി ഒന്നിച്ചണിനിരത്തി ഭാവിയിൽ ജനകീയ ജനാധിപത്യത്തിനുള്ള സഖ്യം തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിൻകീഴിൽ കെട്ടിപ്പടുക്കുന്നതിന് പാർടി തുടക്കം കുറിക്കുന്നു. ഇടതുപക്ഷ–ജനാധിപത്യ മുന്നണിയെ കേവലം തെരഞ്ഞടുപ്പിനോ മന്ത്രിസഭയ്ക്കോ ഉള്ള സഖ്യമായി തെറ്റിദ്ധരിച്ചുകൂടാ. മറിച്ച്, സാമ്പത്തിക–രാഷ്ട്രീയ ശക്തികളുടെ പൊരുതുന്ന സഖ്യമായും സമ്പദ്വ്യവസ്ഥയെ തങ്ങളുടെ പിടിയിൽ ഒതുക്കുന്ന പിന്തിരിപ്പൻ വർഗങ്ങളെ ഒറ്റപ്പെടുത്തുന്നതിനുമുള്ള പൊരുതുന്ന സഖ്യമായി തിരിച്ചറിയണം.''*

9. പത്താം കോൺഗ്രസിലെ രാഷ്ട്രീയ പ്രമേയം ബഹുജനസമരങ്ങളെ കെട്ടഴിച്ചു വിടുന്നതിന്റെ ആവശ്യവും ഇടതുപക്ഷ–ജനാധിപത്യ ഐക്യത്തിന്റെ അടിത്തറ പണിയുന്നതിൽ ബഹുജനസംഘടനകളുടെ പ്രധാനപ്പെട്ട പങ്കും അടിവരയിട്ടു പറയുന്നു.

*''ഇടതുപക്ഷ–ജനാധിപത്യ പാർടികൾക്ക് ഈ വലിയ ബഹുജന സംഘടനകളെ പൊതു പോരാട്ടത്തിലേക്ക് ആകർഷിക്കാൻ കഴിയുമ്പോൾ മാത്രമേ, പ്രയോഗക്ഷമമായ ഇടതുപക്ഷ–ജനാധിപത്യ മുന്നണിക്ക് എന്തെങ്കിലും സാധ്യത ഉള്ളൂ.''*

10. രണ്ടാമതായി പ്രമേയം താഴെ പറയുന്നത് മുന്നോട്ടുവയ്ക്കുന്നതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി.

*''ബൂർഷ്വാ–ഭൂപ്രഭു പാർടികളുടെ പരിപാടിക്കും പ്രയോഗത്തിനും തീർത്തും എതിരും വ്യതിരിക്തവുമായ രാഷ്ട്രീയ–സാമ്പത്തിക പരിപാടി സാക്ഷാത്കരിക്കാൻ ബഹുജനങ്ങളെ നയിച്ചുകൊണ്ട് ബൂർഷ്വാ–ഭൂപ്രഭു പാർട്ടികളിൽ നിന്ന് അകന്നുമാറാനും ഒരു ബദൽ നേതൃത്വത്തിനു ചുറ്റും വർദ്ധിച്ച തോതിൽ അണിനിരക്കുന്നതിനും അവരെ ഇടതുപക്ഷ–ജനാധിപത്യ ശക്തികൾ പ്രാപ്തരാക്കുന്നു.''*

11. മൂന്നാമതായി 1978 ഡിസംബറിലെ സാൽകിയ പ്ലീനം സംഘടനാ പ്രമേയം പാർടിയുടെ വമ്പിച്ച വ്യാപനത്തിനുള്ള നിർണ്ണായക ഘടകം താഴെ പറയുന്ന പ്രകാരം പ്രസ്താവിച്ചു:

*''അത്തരത്തിലുള്ള ഒരു ഇടതുപക്ഷ–ജനാധിപത്യ ഐക്യം ഊട്ടിയുണ്ടാക്കുന്നതിന് സംഘടനകളുടെ അഭൂതപൂർവ്വമായ വളർച്ചയും അധ്വാനിക്കുന്ന എല്ലാ വിഭാഗം ജനവിഭാഗങ്ങളുടെ സമരവും ആവശ്യപ്പെടുന്നു.... ഇത് തിരിച്ച് തൊഴിലാളിവർഗ പാർടിയുടെയും ശക്തിയിൽ അഭൂതപൂർവ്വമായ വളർച്ച ആവശ്യപ്പെടുന്നു. വിവിധ സംസ്ഥാനങ്ങളിലെ അംഗങ്ങളുടെ എണ്ണം,*

*അവർ ഏർപ്പെട്ടിട്ടുള്ള ഉശിരൻ പ്രവർത്തനം, മറ്റു സാമ്രാജ്യത്വവിരുദ്ധ–ഭൂപ്രഭു വിരുദ്ധ– കുത്തക വിരുദ്ധ ജനാധിപത്യ ശക്തികളും ആയിട്ടുള്ള അവരുടെ ഐക്യം എന്നിവ ആവശ്യപ്പെടുന്നു.''*

12. അവസാനമായി, പത്താം കോൺഗ്രസിലെ രാഷ്ട്രീയ പ്രമേയം ഇങ്ങനെ ഊന്നിപ്പറഞ്ഞു: *''ഇടതുപക്ഷ –ജനാധിപത്യ ശക്തികളുടെ മുന്നണിയുടെ നിർമ്മാണത്തിന് തൊഴിലാളി വർഗത്തിന്റെയും അതിന്റെ പാർടിയുടെയും സ്വതന്ത്ര രാഷ്ട്രീയ പ്രവർത്തനവും അതിന്റെ വർദ്ധിച്ചുവരുന്ന ശക്തിയും ആവശ്യ മാണ്.''* ഇതോടൊപ്പം, മുന്നണിയിലെ മറ്റ് ഘടകങ്ങളുമായുള്ള പ്രത്യയശാസ്ത്ര സമരവും നടക്കേണ്ട താണ്. അങ്ങനെയായാൽ മാത്രമേ, ബൂർഷ്വാ–പെറ്റിബൂർഷ്വാ പ്രത്യയശാസ്ത്രങ്ങൾക്കെതിരായി തൊഴിലാളി വർഗത്തിന്റെ പ്രത്യയശാസ്ത്രം ഉയർത്തിപ്പിടിക്കാനാവുകയുള്ളൂ.

**പ്രാധാന്യം കുറയുന്ന ഇടതുജനാധിപത്യ മുന്നണി**

13. നാം പിന്തുടർന്നുവന്ന രാഷ്ട്രീയ–അടവ് നയം ഇടതുപക്ഷ–ജനാധിപത്യ മുന്നണി കെട്ടിപ്പടുക്കുന്ന തരത്തിൽ നമ്മുടെ ശ്രമങ്ങളെ ക്രമീകരിക്കുന്നതിനു സഹായകമായിരുന്നോ എന്നും നമ്മൾ പരിശോ ധിക്കേണ്ടിയിരിക്കുന്നു. പത്താം പാർടി കോൺഗ്രസ് നടക്കുന്ന സമയത്ത് ത്രിപുരയിലും പശ്ചിമബം ഗാളിലും ഇടതുമുന്നണി ഉണ്ടായിരുന്നു. കേരളത്തിൽ സി.പി.ഐ (എം) നേതൃത്വത്തിലുണ്ടായ സഖ്യം പിന്നീട് ഇടതുപക്ഷ–ജനാധിപത്യ മുന്നണിയായി മാറി. ദേശീയതലത്തിൽ വാർത്തെടുക്കാ നുള്ള ഇടതുപക്ഷ–ജനാധിപത്യ മുന്നണിയുടെ ഭാഗികമായ ആവിഷ്കാരങ്ങളായിരുന്നു അവ. മൂന്നര പതിറ്റാണ്ടിനു ശേഷവും ഈ മൂന്നു സംസ്ഥാനങ്ങളിലെ ഈ മുന്നണികൾക്കപ്പുറം നാം മുന്നോട്ടു പോയിട്ടില്ല. ഇടതുപക്ഷ–ജനാധിപത്യ മുന്നണി യഥാർത്ഥത്തിൽ കെട്ടിപ്പടുക്കേണ്ട ദേശീയതലത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല.

14. രാഷ്ട്രീയ–അടവ് നയത്തിൽ തന്നെ ഇതിനുള്ള കാരണങ്ങൾ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. പതിമൂന്നാം കോൺഗ്രസ് (1988) മുതൽ നാം ഇടതുപക്ഷ–മതനിരപേക്ഷ ശക്തികളുടെ ഐക്യം ചർച്ച ചെയ്യാൻ തുടങ്ങിയിരുന്നു. സമകാല സാഹചര്യത്തിൽ കോൺഗ്രസ് ഇതര മതനിരപേക്ഷ ബദൽ ഊട്ടിയുണ്ടാക്കേണ്ടതിന്റെ അടിയന്തര കടമയും ഇടതുപക്ഷ–ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുന്ന കടമയും തമ്മിൽ നാം വേർതിരിവുണ്ടാക്കി. പതിനഞ്ചാം കോൺഗ്രസോടെ ഇടതുപക്ഷ–ജനാധിപത്യ –മതനിരപേക്ഷ ശക്തികളുടെ ഐക്യം എന്ന മുദ്രാവാക്യം നാം ആവിഷ്കരിച്ചുതുടങ്ങിയിരുന്നു. ഈ സമയമായപ്പോഴേക്ക് പതിനൊന്നാം പാർടി കോൺഗ്രസിൽ ആവർത്തിച്ച് പറഞ്ഞിരുന്നതുപോലെ യാഥാർത്ഥ്യമാക്കാവുന്ന മുദ്രാവാക്യമല്ല, വിദൂര ലക്ഷ്യമാണ് ഇടതുപക്ഷ–ജനാധിപത്യമുന്നണി എന്ന നിഗമനത്തിൽ നാം ഏറെക്കുറെ എത്തിയിരുന്നു. ക്രമേണ ഇടതുപക്ഷ–ജനാധിപത്യ മുന്നണി എന്ന ആശയത്തെ പ്രചാരണ മുദ്രവാക്യമായി നാം തരംതാഴ്ത്തി മാറ്റിവച്ചു. ഇടതുപക്ഷ–ജനാധി പത്യ–മതനിരപേക്ഷസഖ്യം പുതിയ ഇടക്കാല മുദ്രാവാക്യമായിത്തീർന്നു. ബി.ജെ.പിയിൽ നിന്ന് വേർതിരിച്ച് കോൺഗ്രസ്സിതര ബൂർഷ്വാ മതനിരപേക്ഷ പാർടികളെ രാജീവ് ഗാന്ധി ഗവൺമെന്റിന് എതിരെ അണിനിരത്തുന്നതിനുള്ള മുദ്രാവാക്യമായി തുടങ്ങിയ അത് പിന്നീട് ബി.ജെ.പിക്കെതിരായി ഉന്നം വച്ച മുദ്രാവാക്യമായി മാറി. ആ അടിസ്ഥാനത്തിലാണ് നാം 1996 ലെ ഐക്യമുന്നണിയിൽ, ഗവൺമെന്റിൽ പങ്കെടുക്കാതെ ചേർന്നത്.

**മൂന്നാം ബദൽ**

15. ഐക്യമുന്നണിയുടെ പതനത്തിനു ശേഷം പതിനാറാം കോൺഗ്രസിൽ (1998) മൂന്നാം ബദൽ എന്ന ആശയം നാം മുന്നോട്ടുവച്ചു. മതനിരപേക്ഷ ബൂർഷ്വാ പാർടികളെ (പ്രധാനമായും പ്രാദേശിക പാർടികൾ) ഇടതുപക്ഷ പാർടികളുമായി സഖ്യത്തിലാക്കുക എന്നതായിരുന്നു ആശയം. കേവലം തെരഞ്ഞെടുപ്പ് സഖ്യം എന്നതിനപ്പുറം പൊതുപരിപാടികളുടെയോ ഒരുകൂട്ടം നയങ്ങളുടെയോ അടിസ്ഥാനത്തിൽ ആയിരിക്കണം മൂന്നാം ബദൽ ഉണ്ടാവേണ്ടത് എന്ന് നാം പതിനേഴാം പാർടി കോൺഗ്രസിൽ വ്യക്തമാക്കി. പതിനെട്ടാം കോൺഗ്രസ് ആയപ്പോഴേക്ക് ഈ കക്ഷികളെ ഒരു പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ടുകൾ നാം തിരിച്ചറിഞ്ഞി രുന്നു. ബൂർഷ്വാ മതനിരപേക്ഷ പാർടികളുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്താതെ മൂന്നാം ബദൽ രൂപീ കരണത്തിലേക്ക് നീങ്ങാനാവില്ലെന്നും നാം തിരിച്ചറിഞ്ഞിരുന്നു. പത്തൊമ്പതാം കോൺഗ്രസിൽ നാം പറഞ്ഞത് സംയുക്ത പ്രസ്ഥാനങ്ങളിലൂടെയും സമരങ്ങളിലൂടെയും മാത്രമേ മതനിരപേക്ഷ ബൂർഷ്വാ പാർടികളെ സ്വാധീനിക്കാനും പൊതുപരിപാടിയുടെ അടിസ്ഥാനത്തിലേക്ക് കൊണ്ടുവരുവാനും സാധിക്കുകയുള്ളൂ എന്നായിരുന്നു.

16. മൂന്നാം ബദൽ സാക്ഷാത്കരിക്കുന്നത് കൂടുതൽ വിദൂരമായിത്തീർന്നതോടെ, നിർദ്ദിഷ്ട തെരഞ്ഞെടു പ്പുകൾക്കായി കോൺഗ്രസ്സിതര ബൂർഷ്വാ പാർടികളെ ചേർത്ത് തെരഞ്ഞെടുപ്പ് ധാരണ ഉണ്ടാക്കു ന്നതും മൂന്നാം ബദൽ കെട്ടിപ്പടുക്കുന്നതും തമ്മിൽ പതിനെട്ടാം പാർടി കോൺഗ്രസിന്റെ രാഷ്ട്രീയ പ്രമേയത്തിൽ മറ്റൊരു വേർതിരിവ് ഉണ്ടാക്കി. അങ്ങനെ ഇടതുപക്ഷ–ജനാധിപത്യ മുന്നണി നമ്മുടെ കടമയുടെ മൂന്നാമത്തെ ഘട്ടത്തിലേക്ക് തള്ളപ്പെട്ടു. ഒന്നാമത്തെ ഘട്ടം, കോൺഗ്രസ്സിതര ബൂർഷ്വാ മതനിരപേക്ഷ പാർടികളെ ചേർത്തുകൊണ്ട് ഒരു നിർദ്ദിഷ്ട തെരഞ്ഞെടുപ്പിനായി ധാരണ ഉണ്ടാക്കുക യെന്ന അടിയന്തര സമകാല കടമ. സംയുക്ത പ്രസ്ഥാനങ്ങളും സമരങ്ങളും ഊട്ടിയുണ്ടാക്കി പൊതു പരിപാടിയുടെ അടിസ്ഥാനത്തിൽ മൂന്നാം ബദൽ രൂപീകരിക്കുന്നത് രണ്ടാം ഘട്ടം. ഇടതുപക്ഷ–ജനാ ധിപത്യ മുന്നണി കെട്ടിപ്പടുക്കുക എന്നത് മൂന്നാമത്തെ ഘട്ടം.

**പതിനേഴാം കോൺഗ്രസ് അവലോകനം**

17. 1996 ലേയും 1998 ലേയും ലോക്സഭാ തെരഞ്ഞെടുപ്പുകൾ രാഷ്ട്രീയ അടവ് നയം പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യത്തിന് അടിവരയിട്ടു. ഇത് കോൺഗ്രസിന്റെപരാജയത്തിൽനിന്ന് കാര്യമായ മുന്നേറ്റമൊന്നും പാർടിക്ക് കൈവരിക്കാൻ കഴിയാതിരിക്കുകയും മുഖ്യ ഗുണഭോക്താവ് ബി.ജെ.പിയായിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ്. ചില ശ്രമങ്ങൾ നടത്തിയെങ്കിലും, ബൂർഷ്വാ പാർടികളുമായുള്ള ഐക്യമുന്നണി അടവുകളെ സംബന്ധമായി രാഷ്ട്രീയ–അടവു നയം നടപ്പാക്കിയതിനെ മാത്രമേ പോളിറ്റ് ബ്യൂറോയ്ക്ക് അവലോകനം ചെയ്യാൻ കഴിഞ്ഞുള്ളൂ. പതിനേഴാം കോൺഗ്രസിൽ നടന്ന അവലോകനം ബൂർഷ്വാ പാർടികളുമായി പ്രത്യേകിച്ച് തെരഞ്ഞെടുപ്പിന്റെ സാഹചര്യത്തിൽ ഉണ്ടാക്കിയ ഐക്യമുന്നണി അടവുകളെ വിശകലനം ചെയ്യുകയും പോരായ്മകളും വീഴ്ചകളും കൃത്യമായി ചൂണ്ടി കാണിക്കുകയും ചെയ്തു. ഇടതുപക്ഷ–ജനാധിപത്യ മുന്നണി തുടരുകയെന്ന രാഷ്ട്രീയ അടവ് നയം അവലോകനം ശക്തിയായി സമർത്ഥിച്ചു. ഇതിനെ കൃത്യമായി ഇടതുപക്ഷ–ജനാധിപത്യ മതനിരപേക്ഷ കക്ഷികളുമായി ഉണ്ടാക്കേണ്ട വിശാലമായ ഐക്യം എന്ന അടിയന്തര കടമയിൽ നിന്നും മൂന്നാം ബദലിൽ നിന്നും വേർതിരിച്ചു കണ്ടു. പക്ഷെ അടിയന്തര കടമ നടപ്പാക്കുന്നത് സ്വതന്ത്ര പങ്ക് വികസിപ്പിക്കുന്നതിനും ഇടതുപക്ഷ–ജനാധിപത്യ ശക്തികളുടെ പ്രക്ഷോഭം മുന്നോട്ടുകൊണ്ടുപോകുന്നതിനും തടസ്സം സൃഷ്ടിക്കുന്നതായി അവലോകനം നിർണ്ണായകമായി തിരിച്ചറിഞ്ഞു.

18. അതിൽ പറഞ്ഞു:

*''സമകാലിക സ്ഥിതിഗതികൾ ആവശ്യപ്പെടുന്നതനുസരിച്ച് ഉയർന്നുവരുന്ന പാർടിയുടെ സ്വതന്ത്രമായ പ്രവർത്തനത്തെ വികസിപ്പിക്കുകയും ഇടതുപക്ഷ–ജനാധിപത്യ ശക്തികളുടെ സമരത്തെ മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യുക എന്ന രാഷ്ട്രീയ–അടവു നയത്തിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ തുല്യപ്രധാന്യമുള്ളതും അടിസ്ഥാനപരവുമായ കടമകളിൽ നിന്നും അടിയന്തര രാഷ്ട്രീയ–തെരഞ്ഞെടുപ്പ് കടമകളെ വേർതിരിക്കുന്നതിനിടയാക്കുന്ന അടിയന്തര കടമയായിരുന്നു പ്രയോഗത്തിൽ മുഖ്യ ചിന്താവിഷയം.''* (17–ാം കോൺഗ്രസ് അംഗീകരിച്ച ഐക്യമുന്നണി അടവുകളുമായി ബന്ധപ്പെടുത്തി രാഷ്ട്രീയ–അടവു നയത്തിന്റെ അവലോകനം).

**മൂന്നാം ബദൽ ഉപേക്ഷിച്ചു**

19. എന്നാൽ ഇടതുപക്ഷ–ജനാധിപത്യമുന്നണി എന്ന അടവുനയ ലക്ഷ്യത്തോടൊപ്പം മൂന്നാം ബദലിനു വേണ്ടിയും പരിശ്രമിക്കുക എന്ന അടിയന്തര കടമ മുന്നോട്ടുവയ്ക്കുന്നതും രാഷ്ട്രീയ അടവുനയം തുടർന്നു. നാം ആദ്യം ഈ ആഹ്വനം നൽകിയശേഷമുള്ള 15 വർഷത്തിനിടയിൽ ആവർത്തിച്ച് യത്നിച്ചിട്ടും പ്രായോഗികമായ ബദലൊന്നും ഉയർന്നുവരാത്തതിനാൽ മൂന്നാം ബദൽ ഊട്ടിയുണ്ടാക്കുന്നതു സംബന്ധിച്ച അനുഭവം മുഴുവൻ നാം 20–ാം കോൺഗ്രസ്സിൽ പുനരവലോകനം ചെയ്തു. എല്ലാ മതനിരപേക്ഷ പ്രതിപക്ഷ പാർടികളേയും ഒരു പൊതു പരിപാടിക്കു ചുറ്റും അണിനിരത്തുക പ്രായോഗികമല്ല എന്ന നിഗമനത്തിലെത്തിയ നാം ആ മുദ്രാവാക്യം ഉപേക്ഷിച്ചു. ഇടതുപക്ഷ–ജനാധിപത്യ മുന്നണി കെട്ടിപ്പടുക്കുക എന്നതിനാണ് മുഖ്യമായും ശ്രമിക്കേണ്ടത് എന്ന് നാം ആവർത്തിച്ചുറപ്പിച്ചു. തെരഞ്ഞെടുപ്പ് അടവുകളെ സംബന്ധിച്ചിടത്തോളം, പാർടിയുടെ താൽപര്യങ്ങൾക്ക് ആവശ്യമായി വരുന്നിടങ്ങളിലെല്ലാം ബൂർഷ്വാ മതനിരപേക്ഷ കക്ഷികളുമായി സഖ്യത്തിൽ ഏർപ്പെടാവുന്നതാണ് എന്ന് രാഷ്ട്രീയ പ്രമേയം പ്രസ്താവിച്ചു.

20. പതിനഞ്ചാം കോൺഗ്രസ് മുതൽ കാലാകാലങ്ങളിൽ രൂപപ്പെടുത്തിയ രാഷ്ട്രീയ–അടവ് നയങ്ങൾ സമകാലിക സ്ഥിതിയെ നേരിടാനും അടിയന്തര ഭീഷണിയെ എതിരിടാനും പറ്റിയ തെരഞ്ഞെടുപ്പ് അടവുകളും പാർലമെന്ററി ഉപായങ്ങളും ആവിഷ്കരിക്കാൻ സഹായിച്ചപ്പോൾ തന്നെ, ഇത്തരത്തിലുള്ള അടിയന്തര കടമകൾ നിറവേറ്റുന്നത് നമ്മെ പാർടിയുടെ തനത് ശക്തി വർധിപ്പിക്കാൻ സഹായിച്ചില്ല എന്നും അതില്ലാതെ രാഷ്ട്രീയ ശക്തികളുടെ സന്തുലനത്തിൽ മാറ്റം വരുത്താനാവില്ല എന്നും തിരിച്ചറിയേണ്ടതുണ്ട്. കോൺഗ്രസ്, ബി.ജെ.പി എന്നീ രണ്ട് പ്രധാന ഭരണവർഗ പാർടികൾക്ക് ചുറ്റുമായി രാഷ്ട്രീയശക്തികളുടെ ബലാബലം വട്ടംകറങ്ങുകയാണ്. ബി.ജെ.പിയെ 1996–ൽ കേന്ദ്രത്തിൽ അധികാരം നേടുന്നതിൽനിന്ന് അകറ്റിനിർത്തിയെങ്കിലും 1998 ലും 1999 ലും ഗവൺമെന്റ് രൂപീകരിക്കുന്നതിൽ അവർ വിജയിച്ചു. 2004 ലെ ബി.ജെ.പി–എൻ.ഡി.എയുടെ പരാജയം പത്തു വർഷം നീണ്ടുനിന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ ഗവൺമെന്റിന്റെ ഭരണത്തിലേക്ക് നയിച്ചു. പക്ഷെ, ഇതിനെത്തുടർന്ന് 2014–ൽ ബി.ജെ.പി കൂടുതൽ ശക്തിയോടെ തിരിച്ചെത്തുന്നതിന് ഇത് ഇടയാക്കി. പാർടിയുടെ തനത് ശക്തി വർദ്ധിപ്പിക്കുന്നതിലും ഇടതുപക്ഷ–ജനാധിപത്യ ശക്തികളുടെ മുന്നേറ്റമുണ്ടാക്കുന്നതിലുമുള്ള പരാജയമാണ് അടിവരയിട്ടു കാണിക്കുന്നത്.

21. നാം മൂന്നാം ബദലിന് ഊന്നൽ കൊടുക്കുകയായിരുന്ന ഇക്കാലമത്രയും പാർടിയുടെ തനത് ശക്തി വളർന്നില്ല എന്നതാണ് യാഥാർത്ഥ്യം. പാർടിയുടെ തനത് ശക്തി ഇക്കാലയളവിൽ വളരാത്തതിനാൽ ഈ പാർടികളെ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് സഖ്യത്തിലേക്ക് കൊണ്ടുവരുന്നതുപോലും പ്രയാസമായി. ഈയിടെ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ പല പ്രാദേശിക ബൂർഷ്വാ പാർടികളും നമ്മളുമായി തെരഞ്ഞെടുപ്പ് ധാരണയുണ്ടാക്കുന്നതിന് തയ്യാറല്ലായിരുന്നു. മതനിരപേക്ഷ ബൂർഷ്വാ പാർടികളെക്കുറിച്ച് നാം പറയുമ്പോൾ അഖിലേന്ത്യാതലത്തിൽ ഒരു കോൺഗ്രസ്സിതര മതനിരപേക്ഷ പാർടിയുമില്ല. അതിനാൽ, മൂന്നാം ബദലിനുവേണ്ടി ഇടതുപക്ഷ–ജനാധിപത്യ മതനിരപേക്ഷ ശക്തികളുടെ ഐക്യം കരുപ്പിടിപ്പിക്കുന്നതിനായുള്ള നമ്മുടെ നീക്കങ്ങൾ പ്രാദേശിക പാർടികളെ കേന്ദ്രീകരിച്ചായി മാറി.

## പ്രാദേശിക പാർടികളുടെ പങ്ക്

22. 1960–കൾ മുതൽ നമ്മുടെ ധാരണ പ്രാദേശിക പാർടികൾ പ്രാദേശിക ബൂർഷ്വാ ഭൂപ്രഭുത്വ വർഗങ്ങളെ പ്രതിനിധാനം ചെയ്യുന്നു എന്നാണ്. അവർക്ക് വൻകിട ബൂർഷ്വാസിയുമായി വൈരുധ്യം ഉണ്ടെന്നും അവരെ കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റിനെതിരെയും സംസ്ഥാനങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ച പ്രശ്നങ്ങളിലും അണിനിരത്താൻ കഴിയുമെന്നായിരുന്നു. 1967 ലെ പുതിയ പരിതഃസ്ഥിതിയും കടമകളും എന്ന സി.സി രേഖയിൽ നാം അവയുടെ പങ്ക് സംബന്ധിച്ച് വ്യക്തത വരുത്തിയിരുന്നു. എന്നാൽ ഉദാരവത്കരണത്തിന്റെയും നവലിബറൽ നയങ്ങളുടെയും വരവിന് ശേഷം പ്രാദേശിക പാർടികളുടെ പങ്കിൽ മാറ്റം സംഭവിച്ചു. പതിനാറും പതിനേഴും കോൺഗ്രസുകളിൽ നാം ഇത് ശ്രദ്ധിക്കുകയുണ്ടായി.

*''മുതലാളിത്തത്തിന്റെ വികാസത്തോടെ പ്രാദേശിക ബൂർഷ്വാ ഭൂപ്രഭു വർഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന പ്രാദേശിക പാർടികളുടെ വീക്ഷണത്തിൽ മാറ്റം വന്നു.. പ്രാദേശിക ബൂർഷ്വാസി ഉദാരവൽക്കരണനയങ്ങളിൽ തങ്ങളുടെ താല്പര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാനുള്ള അവസരങ്ങൾ കാണുന്നതിനാൽ പ്രാദേശിക പാർടികൾ വൈദേശിക മൂലധനത്തോടുള്ള നിലപാട് മാറ്റുകയും ഉദാരവൽക്കരണനയങ്ങളോട് അനുകൂല സമീപനം സ്വീകരിക്കുകയും ചെയ്തു.''*
(പതിനേഴാം കോൺഗ്രസ്, 2002, രാഷ്ട്രീയ പ്രമേയം)

23. ആഗോളവത്കരണത്തിന്റെ ആഘാതവും നവലിബറൽ നയങ്ങളുടെ ദശയിലും പ്രാദേശിക ബൂർഷ്വാസിയിലെ ചില വിഭാഗങ്ങൾ വൻകിട ബൂർഷ്വാസിയുടെ അണികളിൽ ചേർന്നു. കൂടാതെ വൻകിടയല്ലാത്തതും വൻകിടയുമായ ബൂർഷ്വാസി തമ്മിലുള്ള വൈരുധ്യത്തിന്റെ ശക്തി കുറഞ്ഞു. തൽഫലമായി എങ്ങനെയാണ് പ്രാദേശിക ബൂർഷ്വാ പാർടികൾ നവലിബറൽ നയങ്ങളെ ആശ്ലേഷിച്ചത് എന്ന് നാം കണ്ടു. സമീപകാലത്ത് ഇത്തരം പാർടികൾ സാമ്പത്തിക നയങ്ങൾക്കെതിരായ ഏതെങ്കിലും സംയുക്തവേദിയിൽ വരുന്നതിന് സന്നദ്ധരല്ല എന്ന് നാം കണ്ടു. മാത്രമല്ല ഇവർ ഗ്രാമീണ സമ്പന്ന കൂട്ടായ്മയെ പ്രതിനിധാനം ചെയ്യുന്നതിനാൽ ദരിദ്ര കർഷകരും കർഷകത്തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങളോടുള്ള അവരുടെ സമീപനം തികച്ചും വ്യത്യസ്തവുമാണ്. തങ്ങൾക്ക് പ്രയോജനകരമാണെന്ന് തോന്നുമ്പോൾ ബി.ജെ.പിയോടോ കോൺഗ്രസിനോടോ കൂട്ടുകൂടുന്നതിൽ അവർ സ്ഥിരമായ അവസരവാദം പ്രകടിപ്പിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ദേശീയ തലത്തിൽ പൊതുവായ ഒരു കൂട്ടം ബദൽ നയങ്ങൾക്കുചുറ്റും അണിനിരത്തുക എന്ന നയം നാം പിന്തുടർന്ന് വരികയായിരുന്നു. അയഥാർത്ഥവും തെറ്റായതുമാണെന്ന് തെളിയിക്കപ്പെട്ടതാണിത്.

## ഐക്യമുന്നണി അടവുകൾ

24. എഴാം കോൺഗ്രസ് മുതൽ സംയുക്ത പ്രക്ഷോഭങ്ങളുടെ പ്രാധാന്യത്തിൽ നാം ഊന്നുന്നുണ്ടായിരുന്നു. വർഗ–ബഹുജന പ്രസ്ഥാനങ്ങളുടെ സംയുക്ത പ്രക്ഷോഭങ്ങളും പാർടി തലത്തിൽ കൂട്ടായ പ്രസ്ഥാനങ്ങൾ വളർത്തുന്നതും ബൂർഷ്വാ പാർടികളുടെ സ്വാധീനത്തിൻ കീഴിലുള്ള ജനങ്ങളെ സമീപിക്കുന്നതിന് നമ്മെ പ്രാപ്തരാക്കും. പ്രാദേശിക കക്ഷികളുമായി ചേർന്ന് സാധ്യമായ ഇടങ്ങളിൽ പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംയുക്ത പ്രവർത്തനങ്ങൾക്ക് യാതൊരു വിമുഖതയും നാം കാട്ടിക്കൂട. ഊന്നി പറയേണ്ട വശമിതാണ്. ഇത് പാർടിയുടെ തനത് പങ്കും ശക്തിയും വികസിപ്പിക്കുന്നതുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ, പ്രാദേശിക ബൂർഷ്വാ പാർടികളുടെ നിലപാടുകൾ കാരണം ഐക്യമുന്നണി അടവുകളുടെ പ്രയോഗം തെരഞ്ഞെടുപ്പ് രംഗത്തു മാത്രമായി പരിമിതമാക്കപ്പെട്ടു. യോജിച്ച പ്രവർത്തനത്തിനോ ബൂർഷ്വാ പ്രാദേശിക പാർടികൾ ജനങ്ങളുടെ പ്രശ്നങ്ങളിന്മേൽ സംയുക്ത പ്രക്ഷോഭങ്ങൾക്കോ വരുന്നതിന് തയ്യാറായിരുന്നില്ല. ഏതെങ്കിലും തെരഞ്ഞെടുപ്പ് സഖ്യം വരുന്ന ഘട്ടത്തിലാണ് ഏതെങ്കിലും തരത്തിലുള്ള സംയുക്ത പ്രചരണത്തിനോ യോഗങ്ങൾക്കോ അവർ സന്നദ്ധമാകുന്നത്.

25. ചില സന്ദർഭങ്ങളിൽ ബി.ജെ.പിക്കെതിരെ ഇടത് ജനാധിപത്യമതനിരപേക്ഷ ശക്തികളെ അണിനിരത്തുകയും അവയുടെ ഐക്യം ഊട്ടിയുണ്ടാക്കുകയും ചെയ്യുക എന്നത്, കോൺഗ്രസുമായി ധാരണയുണ്ടാക്കുക എന്ന മനോഭാവത്തിലെത്തി. ഇത് 2004–ൽ നടന്ന ആന്ധ്ര നിയമസഭാ തെരഞ്ഞെടുപ്പിലും പിന്നീട് ഒഡീഷ, പഞ്ചാബ്, മഹാരാഷ്ട്ര തെരഞ്ഞെടുപ്പുകളിലും കോൺഗ്രസുമായി ഉണ്ടാക്കിയ തെരഞ്ഞെടുപ്പ് ധാരണയായി പരിണമിച്ചു. നമ്മുടെ പോരാട്ടത്തിന്റെ മുഖ്യദിശ ബി.ജെ.പിക്കെതിരായാണെങ്കിലും കോൺഗ്രസുമായി ധാരണയോ സഖ്യമോ പാടില്ല എന്ന് പതിനേഴാം കോൺഗ്രസിൽ (2002) നാം എത്തിച്ചേർന്ന ധാരണയ്ക്ക് എതിരായിരുന്നു ഇത്.

## സംസ്ഥാനങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപപ്പെടുത്തൽ

26. ദേശീയ തലത്തിൽ മൂന്നാം ബദൽ അഥവാ ഇടതുപക്ഷ ജനാധിപത്യ മതനിരപേക്ഷ ബദൽ ഉയർത്തികാട്ടാനുള്ള യത്നങ്ങൾ പാർടിയുടെ സ്വതന്ത്രമായ പങ്ക് വികസിപ്പിക്കുന്നതിന് ഉതകുന്നതായിരുന്നില്ല. ദേശീയ തലത്തിലോ സംസ്ഥാന തലത്തിലോ (ദുർബല സംസ്ഥാനങ്ങളിൽ എങ്കിലും) മതനിരപേക്ഷ ബൂർഷ്വാ പാർടികളുമായി സഖ്യങ്ങൾ ഉണ്ടാക്കാനുള്ള നീക്കം ഇടതുപക്ഷ ജനാധിപത്യമുന്നണി എന്ന പദ്ധതി പിന്തുടരുന്നതിന് വിഘാതമായി. ബൂർഷ്വാ–ഭൂപ്രഭു പാർടികളുടെ നയങ്ങൾക്കും നടപടിക്കും വ്യക്തമായും ശക്തമായും എതിരായ രാഷ്ട്രീയ സാമ്പത്തിക പരിപാടി മുന്നോട്ട് വെക്കുക എന്ന കടമക്ക് സമകാലിക സ്ഥിതി നേരിടാനായി ഒരു മൂന്നാംബദൽ കെട്ടിപ്പടുക്കുക എന്ന അടിയന്തര അടവ് നയം കീഴ്പ്പെടുത്തപ്പെട്ടു. ബൂർഷ്വാ–ഭൂപ്രഭു പാർടികളുടെ (ഓരോ സംസ്ഥാനത്തെയും പ്രമുഖ പ്രാദേശിക ബൂർഷ്വാ പാർടി ഉൾപ്പെടെ) നയങ്ങളിൽ നിന്നും പ്രയോഗത്തിൽ നിന്നും വ്യത്യ

സ്തമായ അത്തരമൊരു പരിപാടി മുന്നോട്ട് വെച്ചുകൊണ്ടല്ലാതെ അതിനെ അടിസ്ഥാനപ്പെടുത്തിയ മൂർത്തമായ മുദ്രാവാക്യങ്ങളിന്മേൽ സമരങ്ങൾ നടത്തുകയും പ്രസ്ഥാനങ്ങൾ വളർത്തുകയും ചെയ്തു കൊണ്ടല്ലാതെ ബൂർഷ്വാ രാഷ്ട്രീയ പാർടികളെ അനുകൂലിക്കുന്ന ബഹുജനങ്ങളെ നമ്മുടെ വശത്താക്കാൻ കഴിയില്ല.

27. ഇടതുപക്ഷ നേതൃത്വത്തിലുള്ളമുന്നണി നിലനിൽക്കുന്ന ശക്തമായ സംസ്ഥാനങ്ങളിൽ ചെറിയ ബൂർഷ്വാ പാർടികളുമായുള്ള ബന്ധം ഇടതുപക്ഷ ജനാധിപത്യ പരിപാടി ഉയർത്തിക്കാണിക്കുന്നതിന് നമുക്ക് തടസ്സമാകുന്നില്ല. എന്നാൽ, ദുർബല സംസ്ഥാനങ്ങളിൽ നാം കൂടുതൽ ശക്തമായ പ്രാദേശിക പാർടികളുമായി കൂട്ടുകൂടുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയെയും അതിന്റെ പരിപാടിയെയും ഉയർത്തിക്കാണിക്കുന്നതിനെ തടസപ്പെടുത്തുന്നു. പലപ്പോഴും നാം ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ അണിനിരത്തുന്നതിന് ആഗ്രഹിക്കുന്ന വർഗങ്ങളുടെ സമരങ്ങളും പ്രസ്ഥാനങ്ങളും പ്രാദേശിക പാർടികൾ നയിക്കുന്ന സംസ്ഥാന ഗവൺമെന്റുകൾക്കെതിരാകേണ്ടതായി വരും. ചില സംസ്ഥാനങ്ങളിൽ പ്രാദേശിക പാർടി കോൺഗ്രസിനേക്കാളും ബി.ജെ.പിയെക്കാളും ഏറെ ശക്തമായിരിക്കും. അത്തരം സന്ദർഭങ്ങളിൽ നമ്മുടെ പ്രചാരണവും സമരങ്ങളും പ്രമുഖമായ പ്രാദേശിക പാർടിക്കെതിരെയും തിരിച്ചുവിടേണ്ടതുണ്ട്. കേരളത്തിലും ത്രിപുരയിലും പശ്ചിമബംഗാളിലും ഇടതുപക്ഷ ജനാധിപത്യശക്തികളുടെ മുന്നണി മുന്നേറിയതുപോലെ മറ്റു സംസ്ഥാനങ്ങളിലും ഇടതുപക്ഷ ജനാധിപത്യശക്തികളുടെ അണിനിരത്തലിന് അടവുനയം മാർഗനിർദ്ദേശം നൽകണമെന്ന് നാം സദാ ഓർക്കേണ്ടതുണ്ട്. മതനിരപേക്ഷ ബൂർഷ്വാ പാർടികളെ സഖ്യത്തിനും അണിനിരത്തുക എന്ന അഖിലേന്ത്യാ നയം പലപ്പോഴും സംസ്ഥാനങ്ങളിൽ ഇടതുപക്ഷ ജനാധിപത്യശക്തികളെ അണിനിരത്തുന്നതിൽ നിന്നും നമ്മെ വ്യതിചലിപ്പിക്കുന്നു.

28. പാർടിയുടെ താൽപര്യങ്ങൾക്കും ഇടതുപക്ഷജനാധിപത്യ ശക്തികളെ അണിനിരത്തുന്നതിനായുള്ള താൽപര്യങ്ങൾക്കും അനുയോജ്യമാകുന്ന സംസ്ഥാനങ്ങളിൽ പ്രാദേശിക പാർടികളുമായി ധാരണ ഉണ്ടാക്കുക എന്ന തെരഞ്ഞെടുപ്പ് അടവുകൾ പാർടിക്ക് സ്വീകരിക്കാനാകും. എന്നാൽ ഇത് ഒരിക്കലും മതനിരപേക്ഷ ബൂർഷ്വാ പാർടികളെ ദേശീയ സഖ്യത്തിലേക്ക് കൊണ്ടുവരിക എന്ന ഏതെങ്കിലും അഖിലേന്ത്യാ നയത്തിന് കീഴ്പ്പെടുത്തിയായിരിക്കരുത്. പതിനേഴാം കോൺഗ്രസ് അവലോകന റിപ്പോർട്ടിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള ശരിയായ സമീപനം മനസ്സിൽ വെച്ചുകൊണ്ടുവേണം നാം തെരഞ്ഞെടുപ്പു ധാരണകളിൽ ഏർപ്പെടേണ്ടത്.

**വഴക്കമുള്ള അടവ് നയം**

29. രാഷ്ട്രീയ സാഹചര്യങ്ങളിൽ ആകസ്മികമായ മാറ്റങ്ങളുണ്ടാവാം. ബൂർഷ്വാ പാർടികൾ തമ്മിലും അവയ്ക്കുള്ളിൽ തന്നെയും പുതിയ വൈരുധ്യങ്ങൾ പൊട്ടിപ്പുറപ്പെടാം. രാഷ്ട്രീയ പാർടികൾ പിളർന്നോ അവ തമ്മിൽ ചേർന്നോ പുതിയ പാർടികൾ രൂപീകരിച്ച്, മാറ്റങ്ങൾക്ക് വിധേയമാകാം. ഇത്തരം സ്ഥിതിഗതികൾ കൈകാര്യം ചെയ്യാൻ വഴക്കമുള്ള അടവുകൾ ആവിഷ്കരിക്കേണ്ടതാണ്. കൂട്ടായ സമരങ്ങൾക്കായുള്ള നമ്മുടെ നീക്കങ്ങൾക്ക് നിർദ്ദിഷ്ടമായ രാഷ്ട്രീയവും ജനകീയവുമായ പ്രശ്നങ്ങളെ ആധാരമാക്കിയുള്ള സംയുക്ത വേദികൾ രൂപപ്പെടുത്തേണ്ടിവരാം.

**തനത് ശക്തി**

30. കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിൽ തുടർച്ചയായി നാം അംഗീകരിച്ചിട്ടുള്ള രാഷ്ട്രീയ-അടവ് നയങ്ങളിൽ പാർടിയുടെ തനത് ശക്തി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത നാം ഊന്നിപ്പറയാറുണ്ട്. പാർടിയുടെ സ്വതന്ത്രമായ പങ്കും അടിസ്ഥാന വർഗങ്ങൾക്കിടയിലുള്ള പ്രവർത്തനങ്ങളും വികസിപ്പിച്ചുകൊണ്ടു മാത്രമേ അഖിലേന്ത്യാ തലത്തിൽ പാർടിയെ ശക്തമാക്കാൻ കഴിയൂ. സാൽക്കിയ പ്ലീനത്തിന്റെ പ്രമേയത്തിൽ ഊന്നി പറഞ്ഞതുപോലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഊട്ടിയുണ്ടാക്കുന്നതിനുള്ള മുന്നുപാധിയാണ് ഇത്. പിന്നീട് പതിനേഴാം കോൺഗ്രസ് പ്രമേയത്തിൽ ഇങ്ങനെ ചൂണ്ടിക്കാട്ടി:

> *''സി.പി.ഐ (എം) അഖിലേന്ത്യാ തലത്തിൽ ശക്തി പ്രാപിക്കാതെ ഇടതുപക്ഷ ജനാധിപത്യ മുന്നണി കെട്ടിപ്പടുക്കുന്നതിലേക്ക് മുന്നേറാൻ കഴിയില്ല.''*

31. പക്ഷേ പാർടിയുടെ തനത് ശക്തി വർദ്ധിപ്പിക്കുന്നതിൽ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞില്ല. കഴിഞ്ഞ രണ്ടര ദശകങ്ങളായി ദേശീയ തലത്തിൽ പാർടിയുടെയും അഖിലേന്ത്യാതലത്തിൽ വർഗ-ബഹുജനസംഘടനകളുടെയും അംഗത്വത്തിൽ ക്രമമായ പുരോഗതി കൈവരിച്ചു. പതിനാലാം കോൺഗ്രസിന്റെ കാലത്തുണ്ടായിരുന്ന 5.8 ലക്ഷം അംഗങ്ങളിൽ നിന്ന് ഇരുപതാം കോൺഗ്രസ് ആയപ്പോൾ പാർടി അംഗത്വം 10.45 ലക്ഷം ആയി വർദ്ധിച്ചു. ബഹുജനസംഘടനാ അംഗത്വം മൊത്തത്തിൽ 14-ാം കോൺഗ്രസ് കാലത്ത് 2.88 കോടിയായിരുന്നത് 20-ാം കോൺഗ്രസ് വേളയിൽ 6.10 കോടിയായി ഉയർന്നു. എന്നാൽ ഈ വർദ്ധന മുഖ്യമായി കേന്ദ്രീകരിച്ചിരിക്കുന്നത് മൂന്ന് സംസ്ഥാനങ്ങളിലാണ്-പശ്ചിമബംഗാൾ, കേരളം, ത്രിപുര എന്നിവയിൽ. ഈ മൂന്നു സംസ്ഥാനങ്ങളിലെ പാർടി അംഗത്വം ഇപ്പോഴത്തെ മൊത്തം അംഗങ്ങളുടെ 73 ശതമാനം വരും. അടുത്ത രണ്ടു വലിയ സംസ്ഥാനങ്ങളായ തമിഴ്നാട്ടിലെയും (അവിഭക്ത) ആന്ധ്രാപ്രദേശിലെയും പാർടി അംഗത്വത്തിലെയും ബഹുജനസംഘടനാ അംഗത്വത്തിലെയും വർദ്ധന പാർടിയുടെ സ്വാധീനത്തിലും തനതായ ശക്തിയിലും എന്തെങ്കിലും കാര്യമായ വളർച്ചയെ സൂചിപ്പിക്കുന്നില്ല. തെരഞ്ഞെടുപ്പടിസ്ഥാനത്തിൽ ഈ രണ്ട് സംസ്ഥാനങ്ങളിലും ഇടിവ് ഉണ്ടായിട്ടുമുണ്ട്.

32. ഇത് കാരണമാണ് പതിനെട്ടാം കോൺഗ്രസിൽ (2005–ൽ) അവതരിപ്പിച്ച രാഷ്ട്രീയ സംഘടനാ റിപ്പോർട്ടിൽ നാം ഇങ്ങനെ രേഖപ്പെടുത്തിയത്.

*''പാർടി അംഗത്വത്തിലെയും ബഹുജനസംഘടനാ അംഗത്വത്തിലെയും വർദ്ധന, അണിനിരത്തൽ ശേഷി, പാർടിയുടെ തെരഞ്ഞെടുപ്പ് ശേഷി എന്നിവ ഈ കാലയളവിൽ പാർടി വികാസം പ്രാപിച്ചു എന്ന് കാണിക്കുന്നില്ല. മൊത്തത്തിലുള്ള സ്ഥിതി പാർടി ശക്തമായ സംസ്ഥാനങ്ങളിൽ അതിന്റെ ശക്തി നിലനിർത്തുന്നു എന്നും പല ദുർബല സംസ്ഥാനങ്ങളിലും പ്രദേശങ്ങളിലും സാവധാനം ക്ഷയിക്കുന്നു എന്നുമാണ്.''*

അതിനുശേഷം ദുർബല സംസ്ഥാനങ്ങളിൽ സ്ഥിതി മെച്ചപ്പെട്ടിട്ടില്ല. അതോടൊപ്പം പശ്ചിമബംഗാളിൽ നമ്മുടെ പിന്തുണയിൽ ഇടിവും ഉണ്ടായിട്ടുണ്ട്.

### നവലിബറൽ മുതലാളിത്തത്തിന്റെ ദശ

33. നവലിബറൽ നയങ്ങൾക്ക് എതിരെയും, ബൂർഷ്വാ–ഭൂപ്രഭു വ്യവസ്ഥയ്ക്കെതിരെയും തൊഴിലാളിവർഗത്തെയും കർഷകജനസാമാന്യത്തെയും കർഷകതൊഴിലാളികളെയും അധ്വാനിക്കുന്ന ജനങ്ങളുടെ മറ്റ് വിഭാഗങ്ങളെയും അണിനിരത്തി പോരാടുക എന്ന കടമയാണ് നാം മുന്നോട്ട് വെച്ചിട്ടുള്ളത്. അതോടൊപ്പം പ്രത്യയശാസ്ത്ര സമരവും സാമൂഹ്യമായ അടിച്ചമർത്തലിനെതിരായ സമരവും നാം നടത്തണം. ഈ സമരങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും മുന്നേറ്റത്തെയാണ് പാർടിയുടെ മുന്നേറ്റവും സ്വതന്ത്രമായ വളർച്ചയും അടിസ്ഥാനപരമായും ആശ്രയിച്ചിരിക്കുന്നത്.

34. 1991 ലെ ഉദാരവൽക്കരണത്തിനുശേഷം നവലിബറൽ നയങ്ങളുടെ വരവിനെത്തുടർന്ന് മുതലാളിത്ത വികസന മാതൃകയിൽ പൂർണ്ണമായ മാറ്റം ഉണ്ടായി. ഉൽപാദന പ്രക്രിയകളിലും സമൂഹത്തിലും വിവര സാങ്കേതികവിദ്യ പ്രചണ്ഡമായ സ്വാധീനം ചെലുത്തി. നവലിബറൽ മുതലാളിത്തത്തിന്റെ ഈ ദശയെ കുറിച്ച് സമഗ്രമായ ധാരണയിലെത്തുന്നതിൽ കാലതാമസമുണ്ടായി. ഇതുണ്ടാക്കിയ അഗാധമായ മാറ്റങ്ങളെയും വിവിധ വർഗങ്ങളിലുണ്ടാക്കിയ ആഘാതത്തെയും വിശകലനം ചെയ്യാതെ, തൊഴിലാളി വർഗം, കർഷകർ, യുവാക്കൾ, വിദ്യാർത്ഥികൾ, മറ്റ് വിഭാഗങ്ങൾ എന്നിവയുടെ വിവിധ ബഹുജനപ്രസ്ഥാനങ്ങൾ വികസിപ്പാക്കാനോ ശരിയായ മുദ്രാവാക്യങ്ങളും അടവുകളും ആവിഷ്കരിക്കാനോ കഴിയില്ല. *''വിവിധ വിഭാഗം ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന നവലിബറൽ നയങ്ങളുടെ സാകല്യത്തോട് പൊരുതുകയാണ് മുഖ്യകടമ''* (20–ാം കോൺഗ്രസ്) എന്ന് നാം പ്രസ്താവിച്ചിരുന്നെങ്കിലും ബഹുജനപ്രസ്ഥാനങ്ങൾക്കായി ശരിയായ അടവുകളും മുദ്രാവാക്യങ്ങളും ആവിഷ്കരിക്കുകയും വർഗസമരങ്ങൾ വളർത്തുകയും ചെയ്യുക എന്ന കടമയെ നാം വേണ്ടത്ര കൈകാര്യം ചെയ്തിരുന്നില്ല. കേന്ദ്രകമ്മിറ്റിയുടെ അവലോകന റിപ്പോർട്ട് തീരുമാനിച്ചതു പോലെ, വിവിധ വർഗങ്ങളിലും മേഖലകളിലും ഉണ്ടായ മാറ്റങ്ങളുടെ മൂർത്തമായ പഠനം നാം നടത്തിയിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ മൂർത്തമായ അടവുകളും മുദ്രാവാക്യങ്ങളും ആവിഷ്കരിക്കാനും 21–ാം കോൺഗ്രസിന്റെ രാഷ്ട്രീയ അടവ് നയത്തിൽ അവയെ ഉൾക്കൊള്ളിക്കാനും കഴിയണം.

35. ഭൂപ്രഭുക്കളും ധനിക കൃഷിക്കാരും കരാറുകാരും വൻകിട വ്യാപാരികളും മറ്റും ചേർന്ന നാട്ടിൻപുറത്ത് ഗ്രാമീണ സമ്പന്ന കൂട്ടായ്മ ഉണ്ടായിട്ടുണ്ട് എന്ന് നാം കാലോചിതമാക്കിയ പാർടി പരിപാടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വർഗവുമായിട്ടാണ് ദരിദ്ര കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും വൈരുദ്ധ്യങ്ങൾ വളർന്നിട്ടുള്ളത്. ദരിദ്ര കൃഷിക്കാരുടെയും കർഷകതൊഴിലാളികളുടെയും പ്രശ്നങ്ങൾ ഏറ്റെടുത്ത് പ്രസ്ഥാനത്തിന് ആ ദിശയിലൂടെ മാർഗനിർദ്ദേശം നൽകാൻ നമുക്ക് കഴിഞ്ഞോ? ഇങ്ങനെ ചെയ്യുന്നതിലുണ്ടായ പരാജയത്തിന്റെ കാരണങ്ങളിലൊന്ന് ഗ്രാമീണ സമ്പന്ന കൂട്ടായ്മയെ പ്രതിനിധാനം ചെയ്യുന്ന പ്രാദേശിക ബൂർഷ്വാ പാർടികളെ നാം ഭാവിയിലെ തെരഞ്ഞെടുപ്പ് സഖ്യകക്ഷികളായി കാണുന്നതാണ്.

36. ഭരണവർഗങ്ങളുടെ കൽപന പ്രകാരമാണ് നവലിബറൽ നയങ്ങൾ പിന്തുടരുന്നത്. ഏതെങ്കിലും ഒരു കേന്ദ്രസർക്കാർ മാത്രമല്ല അതിനുവേണ്ടി വാദിക്കുന്നത്. 1991 ലെ നരസിംഹറാവു സർക്കാർ മുതൽ തുടർച്ചയായി അധികാരത്തിൽ വന്ന എല്ലാ കേന്ദ്ര സർക്കാരുകളും അതേ പാതയാണ് പിന്തുടർന്നത്. കാലാകാലങ്ങളിൽ നാം ഈ വശത്തെ വേണ്ടത്ര ഗൗരവത്തിലെടുത്തില്ല. വർഗീയ വിപത്തിനെ അകറ്റുന്നതിന്റെ പേരിൽ ഐക്യമുന്നണി ഗവൺമെന്റിന്റെ പൊതു മിനിമം പരിപാടി (സി.എം.പി)യിൽ നമ്മളും കക്ഷി ചേർന്നു. ഉദാരവൽക്കരണ–സ്വകാര്യവൽക്കരണ നയങ്ങൾ പിന്തുടരുകയായിരുന്നു അതിന്റെ മുഖ്യപാത. പിന്നീട് 2004 ൽ നാം യു.പി.എസർക്കാരിന് പുറമെ നിന്ന് പിന്തുണ നൽകി. അത് ശരിയായ നടപടിയായിരുന്നു. എന്നാൽ പൊതു മിനിമം പരിപാടി വഴി യു.പി.എസർക്കാരിന്റെ മുഖ്യ ഊന്നൽ നവലിബറൽ നയങ്ങൾ നടപ്പാക്കുക തന്നെയായിരുന്നു.

37. നവലിബറൽ പരിഷ്കാരങ്ങൾക്കെതിരായ സമരത്തിന്റെ മറ്റൊരു വശം ഇടതുപക്ഷനേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പാക്കേണ്ട സമീപനവും നടപടികളും സംബന്ധിച്ചായിരുന്നു. നാം നയിച്ച ഗവൺമെന്റുകളിൽ ഏറ്റവുമധികം കാലം നിലനിന്ന പശ്ചിമബംഗാളിലെ ഇടതുമുന്നണി ഗവൺമെന്റിന് ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടതായി വന്നു. വ്യവസായവൽക്കരണത്തിന് ഭൂമി ഏറ്റെടുക്കുന്ന പ്രശ്നത്തിൽ ഈ സമസ്യ മുന്നിലേക്ക് വന്നു. നന്ദിഗ്രാമിലും മറ്റു ചില പദ്ധതികൾക്കും ഭൂമി ഏറ്റെടുക്കാനുള്ള നിർദ്ദേശം കൃഷിക്കാർക്കിടയിലെ ചില വിഭാഗങ്ങളെ അന്യവൽക്കരിക്കുന്നതിനിടയാക്കി. അഖിലേന്ത്യാ തലത്തിൽ അത് വീക്ഷിക്കപ്പെട്ടത് നവലിബറൽ വാഴ്ചയ്ക്ക് കീഴിൽ ഭൂമി കയ്യടക്കാനുള്ള കോർപ്പറേറ്റുകളുടെ അജണ്ടയുടെ ഭാഗമായാണ്. ആ പ്രശ്നത്തിന് പശ്ചിമബംഗാളിൽ

നാം വലിയ വില കൊടുക്കേണ്ടി വന്നു; അഖിലേന്ത്യാ തലത്തിൽ പാർടിയുടെ പ്രതിച്ഛായയ്ക്ക് മങ്ങ ലേൽപ്പിക്കുകയും ചെയ്തു. നവലിബറൽ നയങ്ങൾ നിലവിലുരുന്ന കാലത്ത് ഇടതുമുന്നണി ഗവൺമെന്റിന്റെ ഭരണ കാലാവധിയുടെ അവസാന പതിറ്റാണ്ടിൽ നടപ്പാക്കപ്പെട്ട നയങ്ങൾ വിമർശന പരമായി പരിശോധിക്കേണ്ടതുണ്ട്. അതിൽനിന്ന് നാം ഉചിതമായ പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഭാവിയിൽ ആവശ്യം വരുമ്പോൾ ഉചിതമായ പ്രവർത്തനപദ്ധതിക്ക് രൂപം നൽകാൻ നമുക്ക് പ്രാപ്തിയുണ്ടാകൂ.

38. അംഗീകരിക്കേണ്ട കാര്യം ആഗോളവൽകൃത–നവലിബറൽ വാഴ്ചയ്ക്ക് കീഴിൽ നടപ്പിലാക്കിയിട്ടുള്ള പ്രക്രിയകൾ ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം പുതിയ സമസ്യകൾ ഉന്നയിച്ചിരിക്കുന്നു എന്നും തൊഴിലാളിവർഗത്തിന്റെയും കൃഷിക്കാരുടെയും വിദ്യാർത്ഥികളുടെയും യുവാക്കളുടെയും പ്രസ്ഥാനങ്ങൾ വളർത്തിയെടുക്കുന്നതിന് പ്രതികൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചിരിക്കുന്നു എന്നു മാണ്. നടപ്പിലിരിക്കുന്ന പ്രക്രിയകൾ നാം മനസിലാക്കേണ്ടതും പുതുതും അനുയോജ്യവുമായ അട വുകളും സംഘടനാ രീതികളും തയ്യാറാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. അതായിരിക്കും പാർടി യുടെ തനത് ശക്തിയുടെ വളർച്ചയ്ക്കുള്ള അടിസ്ഥാനം.

**രാഷ്ട്രീയ അടവുനയം നടപ്പാക്കുന്നതിലെ വീഴ്ചകൾ**

39. രാഷ്ട്രീയ അടവ് നയത്തിന്റെ വിവിധ വശങ്ങൾ നടപ്പാക്കുന്നതിൽ, ഓരോരോ സന്ദർഭങ്ങളിലെയും വിലയിരുത്തലിൽ ചില തെറ്റുകളും വീഴ്ചകളും സംഭവിച്ചിട്ടുണ്ട്. സമകാലിക അടവ് നയത്തിന്റെ അടിസ്ഥാനത്തിലാണ് വിവിധ പൊതു തെരഞ്ഞെടുപ്പുകളിൽ നാം തെരഞ്ഞെടുപ്പ് അടവുകൾക്ക് രൂപം നൽകിയത്. ഇവ പിന്നീട് അവലോകനം ചെയ്യപ്പെട്ടു. തെറ്റായ ചില വിലയിരുത്തലുകളും പിശ കുകളും തിരിച്ചറിഞ്ഞിട്ടുമുണ്ട്. ഉദാഹരണത്തിന്, തെരഞ്ഞെടുപ്പ് പ്രചരണത്തിനിടയിൽ നേതൃത്വം നടത്തിയ ചില പ്രസ്താവനകൾ നാം കോൺഗ്രസനുകൂല നിലപാടാണ് കൈക്കൊള്ളുന്നതെന്ന പ്രതീതി പരത്തിയതായി 1999 ലെ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അവലോകനത്തിൽ പ്രസ്താവിച്ചി ട്ടുണ്ട്. കോൺഗ്രസുമായി സഹകരിക്കുന്നതിന് നാം അതീവ തൽപരരാണെന്ന പ്രതീതി അത്തരം പ്രസ്താവനകൾ സൃഷ്ടിച്ചു എന്ന് സ്വയം വിമർശനപരമായി വിലയിരുത്തപ്പെട്ടു. തെരഞ്ഞെടുപ്പിനു ശേഷം മൂന്നാം ബദൽ പുനർനിർമ്മിക്കുന്നതിനെ നാം ഗൗരവമായി കണ്ടിരുന്നില്ല എന്നും കാണുക യുണ്ടായി. തെരഞ്ഞെടുപ്പ് പ്രചരണത്തിനിടയിൽ പാർടി കേന്ദ്രം നടത്തിയ വിലയിരുത്തലിൽ കോൺഗ്രസിന്റെ ശക്തി അതിരുകടന്ന് മതിക്കപ്പെട്ടു. 2009 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ദേശീയ തലത്തിൽ വിശ്വാസ്യമായ തെരഞ്ഞെടുപ്പ് ബദൽ നിലവിലില്ലാതിരിക്കെ ബദൽ ഗവൺമെന്റ് എന്ന മുദ്രാവാക്യം ഉയർത്തിയത് തെറ്റായിരുന്നു എന്നും നാം അവലോകനം ചെയ്ത് നിഗമനത്തിലെ ത്തിയിരുന്നു.

40. നമ്മുടെ അടവുകൾ നടപ്പാക്കുന്നതിൽ ചില പിഴവുകൾ ഉണ്ടായി. 1998–99 കാലത്ത് ഐക്യമുന്നണി ഗവൺമെന്റിനെ നാം പിന്താങ്ങിയപ്പോൾ ആ കാലത്തെ നമ്മുടെ പങ്ക് നാം അവലോകനം ചെയ്തിരുന്നു; ഗവൺമെന്റിന്റെ ഉദാരവൽക്കരണാനുകൂല നയങ്ങളിൽ നിന്ന് വേണ്ടത്ര അകന്നു നിൽക്കുന്നതിൽ നാം പരാജയപ്പെട്ടെന്ന നിഗമനത്തിലെത്തി. കൂടാതെ ഗവൺമെന്റിനെ നില നിർത്തുക എന്ന കാര്യത്തിൽ നാം മുഴുകിയതു മൂലം നമ്മുടെ ശ്രദ്ധ ബഹുജനസമരങ്ങളും ബഹുജ നപ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കുന്നതിൽ നിന്ന് അകലാനിടയാക്കി.

41. യു.പി.എ ഗവൺമെന്റിന് നൽകി വന്ന പിന്തുണ 2008 ജൂലൈയിൽ പിൻവലിച്ച തീരുമാനത്തെ 20–ാം പാർടി കോൺഗ്രസ് അവലോകനം ചെയ്യുകയും ആ സമയത്ത് പിന്തുണ പിൻവലിക്കുകയല്ലാതെ മറ്റ് മാർഗമുണ്ടായിരുന്നില്ല എന്ന നിഗമനത്തിലെത്തുകയും ചെയ്തു. എന്നാൽ പിന്തുണ പിൻവലിച്ചത് നേരത്തെ, 2007 ഒക്ടോബർ–നവംബറിൽ ആകേണ്ടിയിരുന്നു; അതായത്, ഗവൺമെന്റ് ഐ.എ.ഇ.എ യുമായി സംഭാഷണത്തിന് മുതിർന്ന അവസരത്തിൽ തന്നെ പിന്തുണ പിൻവലിക്കേണ്ടതായിരുന്നു. ആ സമയത്ത് അത് ചെയ്യാതിരുന്നത് പിശകായിരുന്നു. തന്ത്രപരമായ സഖ്യത്തിന്റെ ഭാഗമായി ആണ വകരാർ പിന്തുടരുന്നതിൽ ഭരണവർഗങ്ങൾക്കും അമേരിക്കൻ സാമ്രാജ്യത്വത്തിനുമുള്ള നിശ്ചയ ദാർഢ്യവും ശേഷിയും പി.ബിയും സി.സിയും കുറച്ചുകണ്ടു. നമ്മുടെ ശക്തിയെയും സംഭവങ്ങളെ സ്വാധീനിക്കാനുള്ള ശേഷിയെയും നാം അതിരു കടന്ന് മതിച്ചു. സംഭാഷണങ്ങൾക്കായി ഐ.എ.ഇ.എ യിലേക്ക് പോകാൻ സർക്കാരിനെ അനുവദിച്ചതും കരാർ നടപ്പാക്കുന്നതിലേക്ക് നീങ്ങില്ല എന്ന ധാരണ കോൺഗ്രസ് പാലിക്കുമെന്ന പ്രതീക്ഷയും തെറ്റായിരുന്നു.

42. മറ്റൊരവസരത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ, വർഗീയ ശക്തികളെ ചെറുക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ വികസിപ്പിക്കുന്നതിലും ചില ദൗർബല്യങ്ങൾ ഉണ്ടായിരുന്നു. വർഗീയ ശക്തികളെ ചെറുക്കുന്ന തിനുള്ള മാർഗ നിർദ്ദേശം രാഷ്ട്രീയ–അടവ് നയം നൽകിയെങ്കിലും,വർഗീയ ശക്തികളോട് പൊരു തുന്നതിന്, പ്രത്യേകിച്ച് സാമൂഹ്യ–സാംസ്കാരിക മണ്ഡലങ്ങളിൽ നടപടികളെടുക്കാൻ പ്രായോഗിക തലത്തിൽ സ്വീകരിച്ച നീക്കങ്ങൾ അപര്യാപ്തമായിരുന്നു. അതേപോലെതന്നെ, അടവ് നയത്തിൽ നിർദ്ദേശിച്ചതുപോലെയുള്ള സാമൂഹ്യ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിലും പാർടിക്കുണ്ടായ പരാജയം തുടർച്ചയായുള്ള പാർടി കോൺഗ്രസുകൾ ശ്രദ്ധിച്ചിരുന്നു.

43. രാഷ്ട്രീയ അടവുനയം നടപ്പാക്കുന്നതിലെ പിശകുകളും തെറ്റുകളും അതിൽനിന്ന് ഉരുത്തിരിഞ്ഞുവ രുന്ന തെരഞ്ഞെടുപ്പ് അടവുകളും അടവുപരമായ ലക്ഷ്യങ്ങളിലേക്ക് മുന്നേറാനുള്ള നമ്മുടെ പ്രാപ്തിക്കുറവിന് കാരണമായിട്ടുണ്ട്.

**വർഗീയതയക്കെതിരായുള്ള പോരാട്ടം**

44. ബി.ജെ.പി അധികാരത്തിലിരിക്കുമ്പോൾ നമ്മുടെ ആക്രമണത്തിന്റെ പ്രധാന ദിശ അതിനു നേരെയാകണം. പക്ഷേ, ഇതിനർത്ഥം കോൺഗ്രസുമായി തെരഞ്ഞെടുപ്പ് ധാരണ എന്നായിക്കൂടാ. നവലിബറിലസത്തിനെതിരെ പോരാടുക എന്ന പ്രധാന കടമയെ വർഗീയതയ്ക്കെതിരായ പോരാട്ടത്തിന് കീഴ്പ്പെടുത്തുന്ന സമീപനവുമായിക്കൂടാ. വർഗീയതയ്ക്കെതിരായ പോരാട്ടത്തെയും നവലിബറൽ നയങ്ങൾക്കെതിരെയും, ജനങ്ങളുടെ ഉപജീവനത്തിനായുള്ള പോരാട്ടത്തെയും സംബന്ധിച്ച നമ്മുടെ സമീപനത്തിൽ വ്യതിരിക്തത ഉണ്ടായിക്കൂടാ. ആർ.എസ്.എസിനും ബി.ജെ.പിക്കും എതിരായ പോരാട്ടത്തെ തെരെഞ്ഞെടുപ്പ് അടവായി മാത്രം ചുരുക്കിക്കൂടാ. അധ്വാനിക്കുന്ന ജനങ്ങളുടെ ഐക്യത്തെ തകർക്കുന്ന വർഗീയതയ്ക്കെതിരായ നമ്മുടെ പോരാട്ടത്തിന്റെ ഭാഗമാണത്. നവലിബറൽ നയങ്ങളും ബൂർഷ്വ–ഭൂപ്രഭു വ്യവസ്ഥയും സൃഷ്ടിക്കുന്ന അസംതൃപ്തിയെ വഴിതിരിച്ചുവിടാൻ ഭരണവർഗങ്ങൾ ഉപയോഗിക്കുന്ന ഉപകരണം കൂടിയാണത്. ഭൂരിപക്ഷ വർഗീയതയുടെ ഉദയം ന്യൂനപക്ഷ വർഗീയതയ്ക്കിടയാക്കുന്നു. അതിനെയും ചെറുക്കേണ്ടതുണ്ട്. നമ്മുടെ ധാരണയനുസരിച്ച് നവലിബറൽ നയങ്ങൾക്കും വർഗീയതക്കും എതിരായ പോരാട്ടങ്ങൾ പരസ്പര ബന്ധിതങ്ങളാണ്. ജനങ്ങളുടെ ഉപജീവനത്തിന് വേണ്ടിയുള്ള സമരത്തെ വർഗീയശക്തികൾക്കും ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിനും എതിരായ പോരാട്ടവുമായി സംയോജിപ്പിക്കുന്ന സമീപനമാണ് വേണ്ടത്. ഈ സമരങ്ങളെ ഏകോപിപ്പിച്ചു കൊണ്ടു മാത്രമേ വർഗീയശക്തികൾക്കെതിരായി നമുക്ക് ബഹുജനപിന്തുണ ആർജ്ജിക്കാൻ കഴിയൂ. സാമൂഹ്യ കാഴ്ചപ്പാടിൽ നോക്കിയാൽ ഹിന്ദുത്വ വർഗീയതയ്ക്കെതിരായ പോരാട്ടത്തിന് ജാതിക്കും സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നതിനും എതിരായ സമരം കൂടി ആവശ്യമാണ്; കാരണം, ഹിന്ദുത്വ പ്രത്യയശാസ്ത്രം ജാതി വ്യവസ്ഥയിലും പുരുഷാധിപത്യത്തിലും അധിഷ്ഠിതമാണ്.

45. വർഗീയ ശക്തികൾ ഉയർത്തുന്ന അപകടത്തിന്റെ പശ്ചാത്തലത്തിൽ, മതനിരപേക്ഷ–ജനാധിപത്യ ശക്തികളുടെ വിശാലമായ ഐക്യത്തിനായി നാം യത്നിക്കണം. വർഗീയതയ്ക്കെതിരായ കൂടുതൽ വ്യാപകമായ അണിനിരത്തലിന് അത്തരം സംയുക്ത വേദികൾ ആവശ്യമാണ്. എന്നാൽ അത്തരം വേദികളെ തെരഞ്ഞെടുപ്പ് സഖ്യങ്ങൾക്കുള്ള അടിത്തറയായി കാണരുത്.

**പാർലമെന്ററിസം**

46. പാർലമെന്ററിസം എന്നത് ഒരു പരിഷ്കരണവാദ കാഴ്ചപ്പാട് ആണ്, അത് പാർടിയുടെ പ്രവർത്തനങ്ങളെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിലും പാർടിയുടെ മുന്നേറ്റം മുഖ്യമായി തെരഞ്ഞെടുപ്പ് പോരാട്ടത്തിലും കൂടി ഉറപ്പ് വരുത്താമെന്ന വ്യാമോഹത്തിലുമായി പരിമിതപ്പെടുത്തുന്നു. അത് ബഹുജന പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്ന പ്രവർത്തനത്തെയും പാർടി കെട്ടിപ്പടുക്കലിനെയും പ്രത്യയശാസ്ത്രസമരം നടത്തലിനെയും അവഗണിക്കുന്നതിനിടയാക്കുന്നു. ബഹുജന പ്രസ്ഥാനങ്ങളെയും രാഷ്ട്രീയ സമരത്തെയും ശക്തിപ്പെടുത്തുന്നതിന് പാർലമെന്ററിയും പാർലമെന്റിതരവുമായ പ്രവർത്തനങ്ങളെ കൂട്ടിയോജിപ്പിക്കേണ്ടതുണ്ട്.

47. രാഷ്ട്രീയ അടവുനയം ഈ വശത്തിന് വേണ്ടത്ര പ്രാധാന്യം നൽകേണ്ടതാണ്. പാർടിയുടെ സ്വതന്ത്രമായ പങ്ക് ശക്തിപ്പെടുത്തലും ഇടതുപക്ഷ ജനാധിപത്യമുന്നണി (അതൊരു വർഗാടിസ്ഥാനത്തിലുള്ള സഖ്യമാണ്, തെരഞ്ഞെടുപ്പ് സഖ്യമല്ല) കെട്ടിപ്പടുക്കലും ആയിരുന്നു ശ്രദ്ധാകേന്ദ്രമെങ്കിൽ ഇന്നു നാം പ്രയോഗത്തിൽ കാണുന്ന തെരഞ്ഞെടുപ്പ് അടവുകളിൽ കേന്ദ്രീകരിക്കുന്നതും ബൂർഷ്വാ പാർടികളുമായി തെരഞ്ഞെടുപ്പ് ധാരണ ഉണ്ടാക്കാൻ ശ്രമിക്കുന്നതും തെരഞ്ഞെടുപ്പിനെ ആധാരമാക്കി മാത്രമുള്ള ബദൽ ഉയർത്തിക്കൊണ്ട് വരുന്നതും ഒഴിവാക്കാൻ കഴിയുമായിരുന്നു.

48. നവലിബറൽ സംവിധാനവും വൻ പണത്തിന്റെയും കോർപറേറ്റ് മാധ്യമങ്ങളുടെയും രാഷ്ട്രീയത്തിലേക്കുള്ള കടന്നുവരവും പാർലമെന്ററി ജനാധിപത്യത്തെ പരിമിതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇതും കണക്കിലെടുക്കേണ്ടിയിരിക്കുന്നു. തെരഞ്ഞെടുപ്പ് രംഗത്തുള്ള പ്രവർത്തനത്തെ നാം അവഗണിക്കണമെന്നോ കുറച്ചു കാണിക്കണമെന്നോ അല്ല ഇതിനർത്ഥം. യഥാർത്ഥത്തിൽ പാർടി അതിന്റെ സ്വതന്ത്രമായ പങ്ക് തെരഞ്ഞെടുപ്പ് പോരാട്ടങ്ങളിൽ രാഷ്ട്രീയമായി ഉയർത്തികാട്ടണം. സ്വതന്ത്രമായ പങ്കും പ്രവർത്തനങ്ങളും ശക്തിപ്പെടുത്താത്തതുകൊണ്ടും വർഗ–ബഹുജന സമരങ്ങൾ വളർത്തിയെടുക്കാത്തതുകൊണ്ടും ഇവയിലൂടെ നമ്മുടെ സ്വാധീനത്തെ സംഘടനാപരമായി അരക്കിട്ടുറപ്പിക്കാൻ നമുക്ക് കഴിയാത്തതുകൊണ്ടും ഉള്ള ദൗർബല്യം മൂലമാണ് തെരഞ്ഞെടുപ്പ് രംഗത്തെ നമ്മുടെ പ്രവർത്തനം ദുർബലവും മോശമായി സംഘടിപ്പിക്കപ്പെട്ടതും ആകുന്നത്.

**ഉപസംഹാരം**

49. നിലനിൽക്കുന്ന സാഹചര്യങ്ങളെ നേരിടാനും കോൺഗ്രസിനോടും ബി.ജെ.പിയോടും പോരാടുന്നതിന് ശരിയായ തെരഞ്ഞെടുപ്പ് അടവ് പൊതുവിൽ ആവിഷ്കരിക്കാനും അതാതുകാലത്തെ രാഷ്ട്രീയ–അടവുനയങ്ങൾ നമ്മെ സഹായിച്ചിട്ടുണ്ട്. രാഷ്ട്രീയ അടവു നയങ്ങൾ ഇടതുപക്ഷ ഐക്യം ശക്തിപ്പെടുത്താനും ഇടതുപക്ഷ നേതൃത്വത്തിലുള്ള സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കാനും അവയെ അരക്കിട്ടുറപ്പിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

50. സമൂഹത്തിലും വർഗങ്ങളിലും നവലിബറൽ മുതലാളിത്തം ഉണ്ടാക്കുന്ന ആഘാതത്തെ കുറിച്ചുള്ള സമഗ്രമായ ധാരണ ഉണ്ടാക്കുന്നതിൽ വന്ന കാലതാമസം, അധ്വാനിക്കുന്ന ജനങ്ങളുടെ സമരങ്ങളും

പ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കുന്നതിന് ആവശ്യമായ ദിശാബോധവും ഊന്നലും നൽകുന്നതിനെ ദുർബലമാക്കി.

51. പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ മൂന്നാം ബദൽ പോലുള്ള ഒരു താൽക്കാലിക മുന്നണിയായി ഇടതുപക്ഷജനാധിപത്യ മതനിരപേക്ഷ പാർടികളുടെ സഖ്യത്തെ ഉയർത്തുക എന്ന കടമ രാഷ്ട്രീയ അടവുനയം ആവിഷ്കരിച്ചുവരികയായിരുന്നു. ഈ അന്വേഷണം നിഷ്ഫലമായിരുന്നു. പ്രസ്ഥാനങ്ങളെയും സമരങ്ങളെയും വളർത്തിക്കൊണ്ട് പാർടിയുടെ സ്വതന്ത്രശക്തി വളർത്തുക എന്ന ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കാനും ചിലപ്പോൾ തുടർച്ചയായുള്ള സർക്കാരുകളുടെ നവലിബറൽ നയങ്ങൾക്കെതിരെ പോരാടുന്നതിന് മുഖ്യ പരിഗണന നൽകുന്നതിന് പ്രാധാന്യം നൽകാതിരിക്കുന്നതിനും ഇടയാക്കി.

52. ഇതിന്റെയെല്ലാം ഒരു പ്രധാന അനന്തരഫലം ഇടതുപക്ഷ ജനാധിപത്യമുന്നണിയെ യാഥാർത്ഥ്യമാക്കാവുന്ന ലക്ഷ്യമാകുന്നതിൽനിന്ന് ഒഴിവാക്കുകയും ഒരു പ്രചരണ മുദ്രാവാക്യമായി മാറ്റുകയും ആയിരുന്നു. നവലിബറൽ വ്യവസ്ഥയുടെ യാതനകൾ നേരിടുന്ന വിവിധ വിഭാഗം അധ്വാനിക്കുന്ന ജനങ്ങളുടെ സമരങ്ങളും സംയുക്ത പ്രക്ഷോഭങ്ങളും നിരന്തരം കെട്ടിപ്പടുക്കുകയും താഴെതലത്തിൽ സംയോജിക്കപ്പെട്ട രീതിയിൽ വർഗീയതയോട് പോരാടുകയും എന്ന മുഖ്യലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനവുമായിരുന്നു ഇത്.

**സ്വീകരിക്കേണ്ട നടപടികൾ**

53. രാഷ്ട്രീയ അടവുനയത്തിന്റെ വിമർശനാത്മക പുനഃപരിശോധന നമ്മെ താഴെ പറയുന്ന നിഗമനങ്ങളിലേക്ക് എത്തിക്കേണ്ടതാണ്.

54. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ മുൻഗണനയും അതിനു പിന്നിൽ വർഗങ്ങളെ അണിനിരത്തുന്ന പരിപാടിയും പുനഃസ്ഥാപിക്കൽ. (പത്താം കോൺഗ്രസ്സിൽ അംഗീകരിക്കപ്പെട്ട കാലം മുതൽ) ഈ മുന്നണിയുടെ സ്വഭാവത്തിന് കൂടുതൽ കഴമ്പുണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് നാം കൂടുതൽ ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ ഭാഗമായി ഇടതുപക്ഷ ഐക്യത്തിന്റെ ആഴവും പരപ്പും വർധിപ്പിക്കാൻ നാം സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

55. പാർടിയുടെ സ്വതന്ത്ര പങ്ക് മെച്ചപ്പെടുത്താനും അതിന്റെ ശക്തിയും ബഹുജന അടിത്തറയും വികസിപ്പിക്കുന്നതിനും മുൻഗണന നൽകണം.

56. തൊഴിലാളികൾ, കൃഷിക്കാർ, കർഷകത്തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ വർഗസമരവും മറ്റു ജനവിഭാഗങ്ങളുടെ ബഹുജനസമരങ്ങളും വികസിപ്പിക്കാൻ ആവശ്യമായ മൂർത്തമായ അടവുകളും മുദ്രാവാക്യങ്ങളും ആവിഷ്കരിക്കൽ.

57. ഇനി തയ്യാറാക്കുന്ന അടവുനയം ഹിന്ദുത്വ ശക്തികൾക്കും വർഗീയ പ്രത്യയശാസ്ത്രത്തിനും എതിരായ സമരങ്ങൾക്ക് രാഷ്ട്രീയ, പ്രത്യയശാസ്ത്ര, സംഘടനാ മാനങ്ങളിൽ മൂർത്തമായ ദിശാബോധവും ഉള്ളടക്കവും നൽകണം.

58. വർഗീയ അടിച്ചമർത്തലുകളോട് പോരാടുന്നതിനും സ്വത്വരാഷ്ട്രീയത്തെ എതിരിടുന്നതിനും മൂർത്തമായ മാർഗദർശനം നൽകാൻ രാഷ്ട്രീയ അടവ് നയത്തിന് കഴിയണം. സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയും ലിംഗപരമായ അടിച്ചമർത്തലുകൾക്ക് എതിരായുമുള്ള പോരാട്ടത്തിന് കൂടുതൽ ഊന്നൽ നൽകണം. സാമൂഹ്യ പ്രശ്നങ്ങൾ പാർടി വലിയ തോതിൽ ഏറ്റെടുക്കണം; ദളിതർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ, എന്നിവരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിന് പ്രത്യേക ഇടപെടൽ നടത്തുന്നു എന്ന് പാർടി ഉറപ്പുവരുത്തുകയും വേണം.

59. വർഗ–ബഹുജന സംഘടനകളുടെ സംയുക്ത സമരങ്ങൾക്കും ബഹുജനപ്രശ്നങ്ങളിൽ സംയുക്ത വേദികൾക്കും കൂട്ടായ സമരങ്ങൾക്കും വേണ്ടിയുള്ള പാർടിയുടെ യത്നങ്ങൾക്കും രാഷ്ട്രീയ അടവ് നയം മാർഗനിർദ്ദേശം നൽകണം.

60. ഇടതുപക്ഷ ജനാധിപത്യ മുന്നണി കെട്ടിപ്പടുക്കുകയെന്ന പ്രഥമ കടമയ്ക്കു കീഴ്പ്പെടുന്നതാകണം തെരഞ്ഞെടുപ്പ് അടവ് നയം. ഇപ്പോഴത്തെ ഘട്ടത്തിൽ, പ്രാദേശിക പാർടികളുടെ പങ്ക് പരിഗണിക്കുമ്പോൾ, ദേശീയ അടിസ്ഥാനത്തിൽ അവയുമായി സഖ്യം ഊട്ടിയുണ്ടാക്കുന്നതിന് അടിസ്ഥാനമില്ല. അതിനു പകരം സംസ്ഥാനങ്ങളിൽ പാർടിയുടെ താൽപര്യമനുസരിച്ച് ഇടതുപക്ഷ ഇതര പാർടികളുമായി തെരഞ്ഞെടുപ്പ് ധാരണ ഉണ്ടാക്കാവുന്നതാണ്. ആ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യശക്തികളെ ഒന്നിച്ചു കൊണ്ടുവരാൻ അത് സഹായകമാകും.

61. രാഷ്ട്രീയ അടവുനയത്തിന്റെ നിർവഹണം പാർടി സംഘടനയെയും അത് കാര്യക്ഷമമായി നടപ്പാക്കാനുള്ള ശേഷിയേയും ആശ്രയിച്ചിരിക്കുന്നു. ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കാനും, അവരെ വർഗബഹുജന സമരങ്ങളിലേക്ക് കൊണ്ടു വരാനും ബഹുജനസ്വാധീനത്തെ രാഷ്ട്രീയമായി അരക്കിട്ടുറപ്പിക്കാനും സജ്ജമാക്കപ്പെട്ട സംഘടനയില്ലാതെ അടവു നയം ശരിയായി നടപ്പാക്കാനാവില്ല. പാർടി കേഡർമാരുടെ പ്രത്യയശാസ്ത്ര നിലവാരവും ഒരു ഘടകം ആണ്. നമുക്ക് പാർടി സംഘടനയുടെ സ്ഥിതി പുനരവലോകനം ചെയ്യുകയും എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളുടെ രീതികളും ശൈലിയും വിമർശനപരമായി പരിശോധിക്കുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ നമുക്ക്

സംഘടനയ്ക്ക് പുതിയ ഊർജ്ജസ്വലത നൽകണം. വിവിധ ജനവിഭാഗങ്ങളിലേക്ക് ചെന്നെത്താൻ പുതിയ മാർഗങ്ങൾ രൂപപ്പെടുത്തുകയും വേണം. വർഗ–ബഹുജന സംഘടനകളുടെ ശരിയായ ദിശാ നിർണയം, അവയുടെ സ്വതന്ത്രമായ പ്രവർത്തനം, ബഹുജനസംഘടനകളോടുള്ള പാർടിയുടെ ശരി യായ സമീപനം എന്നിവ ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇരുപത്തിയൊന്നാം കോൺഗ്രസ് സമകാലിക രാഷ്ട്രീയഅടവ് നയം അംഗീകരിച്ചു കഴിഞ്ഞാൽ സംഘടനയെ സംബന്ധിച്ചുള്ള പ്ലീനം ചേർന്ന് ഈ പ്രധാനപ്പെട്ട കടമ കൈകാര്യം ചെയ്യേണ്ടതാണ്.

* * *